# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1046 — 21.03.2013 - ൽ മറുപടിക്ക്

## ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) പ്രത്യേക പരിഗണന അർഹിക്കുന്നതും ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നതുമായ കുട്ടികൾക്ക് സാമൂഹിക അംഗീകാരം ലഭ്യമാക്കുന്നതിനും അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ആത്മ വിശ്വാസത്തോടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(എ) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് -നു കീഴിൽ റിസോഴ്സ് ടീച്ചർമാരുടേയും ആയമാരുടേയും സേവനം, റിസോഴ്സ് റൂമുകൾ, പഠനോപകരണങ്ങൾ, സാമ്പത്തിക സഹായം, സഹായോപകരണങ്ങൾ, സ്കൂളുകളിലെ വാസ്തുശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, തെറാപ്പി സേവനങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ICT റിസോഴ്സസ് തുടങ്ങി വിവിധ സേവനങ്ങളും സഹായങ്ങളും നൽകി വരുന്നു. കൂടാതെ SSLC പരീക്ഷയിൽ VI, HI, OH, MR, LD വിഭാഗക്കാർക്ക് പരീക്ഷാ ഇളവുകളും നൽകുന്നുണ്ട്.

(ബി) സർക്കാരിന്റെ നിയന്ത്രണത്തിൽ വിദ്യാഭ്യാസ വകുപ്പ് അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസികൾ വഴി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദ വിവരം നൽകുമോ?

(ബി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടേയും സ്വകാര്യ വ്യക്തികളുടേയും മറ്റും നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ രജിസ്ട്രേഷൻ ലഭിച്ച 273 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന സർക്കാരും ധനസഹായം നൽകി വരുന്നു. കൂടാതെ ഇത്തരം കുട്ടികൾക്കായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ